**No.CEE/4821/PGM2016/TA3**


പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2016

## ഓൺലൈൻ ഓപ്ഷനുകൾ സ്വീകരിക്കുന്നു.

2016–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **04.04.2016** (തിങ്കളാഴ്ച) ആരംഭിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ജനറൽ വിഭാഗത്തിലെയും സർവ്വീസ് വിഭാഗങ്ങളിലെയും റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യരായ അപേക്ഷാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി നൽകാവുന്നതാണ്.

ഓപ്ഷൻ നൽകുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ വെബ്സൈറ്റിലെ **'PGM 2016-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, റോൾ നമ്പരും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Print Key Number'** എന്ന മെനു ബട്ടൺ ക്ലിക്ക് ചെയ്ത് പാസ്സ്‌വേഡ് നൽകി അവരവരുടെ കീ നമ്പർ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. **04.04.2016** മുതൽ **12.04.2016 വൈകുന്നേരം 3 മണി** വരെ മാത്രമെ കീ നമ്പർ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ. തുടർന്നുള്ള അലോട്ട്മെന്റുകളിൽ കീ നമ്പർ ആവശ്യമായതിനാൽ വിദ്യാർത്ഥികൾ അവരവരുടെ കീ നമ്പർ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. അതിനുശേഷം ഹോം പേജിലെ '**Option Registration**' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് കീ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി **04.04.2016** മുതൽ **12.04.2016 വൈകുന്നേരം 3 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

- ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം സജ്ജമാക്കുന്നത് : **04.04.2016**
- ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നത് : **12.04.2016** വൈകുന്നേരം 3 മണി
- ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്: **15.04.2016**
- അലോട്ട്മെന്റ് ലഭിച്ചവർ ഫീസ് അടയ്ക്കേണ്ട കാലയളവ് : **18.04.2016** മുതൽ **22.04.2016** വരെ
- അതത് കോളേജുകളിൽ അഡ്മിഷൻ നേടേണ്ട കാലയളവ് : **18.04.2016** മുതൽ **22.04.2016** വൈകുന്നേരം 5 മണി വരെ
- കേളേജ് അധികൃതർ നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പക്കേണ്ടത്: **22.04.2016** വൈകുന്നേരം 5.30

കോളേജുകൾ, കോഴ്സുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ്പ്‌ലൈൻ നമ്പറുകൾ : (0471) 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.04.2016